# B.A/B.SC (MODEL 1) DEGREE (C.B.C.S.S) EXAMINATION

## First Semester-

### Additional Language – MALAYALAM

### കഥ, നോവൽ

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക:-**

1. തോട്ടിയുടെ മകൻ എഴുതിയതാര്?
(എ) കേശവദേവ് (ബി) എം. ടി. വാസുദേവൻ നായർ
(സി) തകഴി ശിവശങ്കരപ്പിള്ള (ഡി) പൊൻകുന്നം വർക്കി ഉത്തരം: സി

2. അവനു കിട്ടിയ നിധി എന്ന കഥയിലെ കേന്ദ്ര കഥാപാത്രമേത്?
(എ) കൈമൾ (ബി) തേവൻ (സി) തിരുവൻ (ഡി) ഉലകി ഉത്തരം: ബി

3. കേശവദേവിന് ആ പേര് നൽകിയതാര്?
(എ) കെ. കേളപ്പൻ (ബി) സഹോദരൻ അയ്യപ്പൻ
(സി) ഡോ. പൽപ്പു (ഡി) എം. ആർ. ബി. ഉത്തരം: ബി

4. ജ്ഞാനപീഠ പുരസ്ക്കാരം കിട്ടാത്ത സാഹിത്യകാരൻ?
(എ) തകഴി (ബി) കേശവദേവ്
(സി) എസ്. കെ. പൊറ്റക്കാട് (ഡി) ജി. ശങ്കരക്കുറുപ്പ് ഉത്തരം: ബി

5. അഖിലകേരള ഗാമ എന്ന് അഖിലഭാരത പ്രശസ്തി സമ്പാദിച്ച ഗുസ്തിക്കാരൻ ആരായിരുന്നു?
(എ) മുഹമ്മദ് ഹുസൈൻ (ബി) പപ്പുപിള്ള
(സി) മേക്കാട്ടു നാണുപിള്ള (ഡി) കുഞ്ഞുമൊയ്തീൻ ഉത്തരം: സി.

6. മതഭ്രാന്ത് മുൻനിറുത്തി കേശവദേവ് എഴുതിയ നോവൽ
(എ) അയൽക്കാർ (ബി) ഭ്രാന്താലയം
(സി) എതിർപ്പുകൾ (ഡി) ഓടയിൽ നിന്ന് ഉത്തരം: ബി

7. മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ പത്രാധിപരായിരുന്ന സാഹിത്യകാരനാര്?
(എ) ഉറൂബ് (ബി) തിക്കോടിയൻ
(സി) ടി. പത്മനാഭൻ (ഡി) എം. ടി. വാസുദേവൻ നായർ ഉത്തരം: ഡി

8. വാനപ്രസ്ഥം എന്ന കഥ സിനിമയാക്കിയപ്പോൾ സ്വീകരിച്ച പേര്?
(എ) തീർത്ഥയാത്ര (ബി) സൗപർണ്ണിക
(സി) തീർത്ഥാടനം (ഡി) ആത്മാവിന്റെ വിലാപങ്ങൾ ഉത്തരം : സി

9. വാനപ്രസ്ഥം എന്ന കഥ നടക്കുന്ന സ്ഥലമേത്?
(എ) ഹിമാലയം (ബി) മൂകാംബി
(സി) മാനസ സരസ്സ് (ഡി) മുരടേശ്വരം ഉത്തരം: ബി

10. ശങ്കരാചാര്യർ തപസ്സു ചെയ്തിരുന്ന സ്ഥലം?
(എ) കാലടി (ബി) മൂകാംബി
(സി) കുടജാദ്രി (ഡി) ബദരീനാഥ് ഉത്തരം: സി

11. കാക്കനാടന്റെ ശരിയായ പേരെന്ത്?
(എ) ജോർജ്ജ് തോമസ് (ബി) ജോർജ്ജ് വറുഗീസ്
(സി) പി. കെ. ജോർജ്ജ് (ഡി) വറുഗീസ് ജോർജ്ജ് ഉത്തരം: ബി

12. ഉഷ്ണമേഖല ആരുടെ നോവലാണ്?
(എ) സേതു (ബി) കാക്കനാടൻ
(സി) എം. മുകുന്ദൻ (ഡി) പുനത്തിൽ കുഞ്ഞബ്ദുള്ള ഉത്തരം: ബി

13. കാളിയമർദ്ദനം എന്ന കഥയ്ക്ക് ഹേതുവായ രാഷ്ട്രീയ സാഹചര്യമേത്?
(എ) ബംഗാൾ കലാപം (ബി) മലബാർ കലാപം
(സി) അടിയന്തിരാവസ്ഥ (ഡി) സിക്ക് കലാപം ഉത്തരം: സി.

14. നമ്മെ രക്ഷിക്കാൻ മറ്റാരും വരില്ല; നമ്മെ രക്ഷിക്കാൻ നമുക്കേ കഴിയൂ-- ആരുടെ വാക്കുകളാണിത്?
(എ) ഗ്രാമത്തലവൻ (ബി) ചെറുപ്പക്കാർ
(സി) കൃഷ്ണൻകുട്ടി (ഡി) കുറുവച്ചൻ ഉത്തരം: സി

15. ചത്തുപൊങ്ങിയ സർപ്പത്തിന്റെ നിറുകയിൽ ചവുട്ടിനിന്ന് നൃത്തംവെച്ചതാര്?
(എ) മാരീചൻ (ബി) മൗനഗുരുസ്വാമി
(സി) ഗ്രാമത്തലവൻ (ഡി) കൃഷ്ണൻകുട്ടി ഉത്തരം: ഡി

16. കാളിയമർദ്ദനം എന്ന കഥയുടെ രചനാസങ്കേതം ഏത്?
(എ) അസ്തിത്വവാദം (ബി) അപമിത്തീകരണം
(സി) മാജിക്കൽ റിയലിസം (ഡി) ആക്ഷേപഹാസ്യം ഉത്തരം: ബി

17. ബാബേൽ എന്ന കഥ എഴുതിയതാര്?
(എ) മാധവിക്കുട്ടി (ബി) സക്കറിയ
(സി) ആനന്ദ് (ഡി) കാക്കനാടൻ ഉത്തരം: ഡി

18. വി. കെ. എൻ. കഥാപാത്രങ്ങളെ കോമാളിയുഗത്തിലെ പുരുഷഗോപുരങ്ങൾ എന്നു വിശേഷിപ്പിച്ച നിരൂപകനാര്?
(എ) വി. രാജകൃഷ്ണൻ (ബി) കെ. പി. അപ്പൻ
(സി) ആഷാമേനോൻ (ഡി) ഡോ. എം. ലീലാവതി ഉത്തരം: ബി

19. തിരുമനസ്സുകൊ് എന്ന കഥയിൽ പയ്യന്റെ തൊഴിലെന്താണ്?
(എ) ഡോക്ടർ (ബി) സയന്റിസ്റ്റ്
(സി) പത്രപ്രവർത്തകൻ (ഡി) സഖാവ് ഉത്തരം: സി

20 ആരെക്കാണാനാണ് തിരുമനസ്സ് നഗരത്തിലെത്തുന്നത്?
(എ) പ്രധാനമന്ത്രിയെ (ബി) ധനമന്ത്രിയെ

(സി) കേന്ദ്രവ്യവസായ മന്ത്രിയെ (ഡി) തൊഴിൽവകപ്പു മന്ത്രിയെ ഉത്തരം: സി

21. പയ്യന്റെ വാസന ഏതിലാണെന്നാണ് തിരുമനസ്സു പറയുന്നത്?
(എ) പത്രപ്രവർത്തനം (ബി) പാചകം
(സി) രാഷ്ട്രീയം (ഡി) സംഗീതം ഉത്തരം: ബി

22. താഴെപ്പറയുന്നവരിൽ ഏതു രാഷ്ട്രീയ നേതാവാണ് തിരുമനസ്സുകൊ് എന്ന കഥയുടെ സ്ഥൂല പരിസരത്തിലുള്ളത്?
(എ) ഇ. എം. എസ് (ബി) രാജീവ്ഗാന്ധി
(സി) ഏ.കെ.ജി (ഡി) ജ്യോതിബസു ഉത്തരം: എ

23. പുനത്തിൽ കുഞ്ഞബ്ദുള്ള എഴുതിയ നോവൽ ഇവയിലേതാണ്?
(എ) അടയാളങ്ങൾ (ബി) സ്മാരകശിലകൾ
(സി) കാലം (ഡി) ഉമ്മാച്ചു ഉത്തരം: ബി

24. 'സന്നിധാനം' എന്ന കഥയുടെ പശ്ചാത്തലമേത്?
(എ) ഹിമാലയം (ബി) ഗോകർണ്ണം
(സി) മൂകാംബി (ഡി) മുരടേശ്വരം ഉത്തരം: ഡി

25. അവയെല്ലാം മുരടേശ്വരന്റെ പ്രിയപ്പെട്ട ജലപുഷ്പങ്ങളാണ് - ഏതെല്ലാം?
(എ) താമരകൾ (ബി) കണ്ണടകൾ
(സി) മീനുകൾ (ഡി) ബാധകൾ ഉത്തരം: സി

26. പുതിയതായി വന്ന കണ്ണടകളുടെ പേര്?
(എ) റെയ്ബൻ (ബി) സൺഗ്ലാസ്സ്
(സി) ന്യൂ വിഷൻ ഗ്ലാസ്സ് (ഡി) കൂളിങ്ങ് ഗ്ലാസ്സ് ഉത്തരം: സി

27 സന്നിധാനം എന്ന കഥയുടെ അന്ത്യത്തിന് ഏതു സിനിമയുടെ കഥാന്ത്യത്തോട് സാദൃശ്യം കത്തൊനാവുന്നത്?
(എ) കാഞ്ചനസീത (ബി) ചിദംബരം
(സി) മുഖാമുഖം (ഡി) കൊടിയേറ്റം ഉത്തരം: ബി

28 ചിദംബരം എന്ന സിന്മ സംവിധാനം ചെയ്തതാര്?
(എ) അടൂർ ഗോപാലകൃഷ്ണൻ (ബി) ടി.വി.ചന്ദ്രൻ
(സി) അരവിന്ദൻ (ഡി) പത്മരാജൻ ഉത്തരം: സി

29 അലിഗഢിലെ തടവുകാരൻ ആരുടെ കൃതിയാണ്?
(എ) സേതു (ബി) പുനത്തിൽ കുഞ്ഞബ്ദുള്ള
(സി) കേശവദേവ് (ഡി) പൊൻകുന്നം വർക്കി ഉത്തരം: ബി

30 താഴെപ്പറയുന്നവയിൽ പാരിസ്ഥിതിക ദർശനം അടങ്ങിയിട്ടുള്ള കഥ ഏതാണ്?
(എ) വാനപ്രസ്ഥം (ബി) ഗുസ്തി
(സി) വന്മരങ്ങൾ വീഴുമ്പോൾ (ഡി) കാടുകയറുന്ന പൂർവ്വീകർ ഉത്തരം: ഡി

31 ദേവകിച്ചേച്ചി എപ്പോഴും ആവശ്യപ്പെട്ടിരുന്നത് ആരുടെ നോവലുകളായിരുന്നു?
(എ) എം. ടി. വാസുദേവൻ നായർ (ബി) തകഴി

(സി) പുനത്തിൽ കുഞ്ഞബ്ദുള്ള (ഡി) സേതു ഉത്തരം:സി

32 ദേവകിച്ചേച്ചി കാടെവിടെ, കൂടെവിടെ മക്കളേ എന്ന് നീട്ടിപ്പാടുമ്പോൾ കുറുപ്പേട്ടൻ എന്താണ് ചെയ്യുന്നത്?
(എ) കൂടെപ്പാടും (ബി) ദേഷ്യപ്പെടും
(സി) ഇറങ്ങിപ്പോകും (ഡി) കസേരക്കയ്യിൽ താളം പിടിക്കും ഉത്തരം: ഡി

33 പുതിയ തലമുറകളുടെ ഗായത്രീമന്ത്രം എന്ന് കഥാകാരൻ വിളിക്കുന്നത് എന്തിനെയാണ്?
(എ) ഭക്തിമാർഗ്ഗം (ബി) അമ്പത്താരുകളി
(സി) കമ്പ്യൂട്ടറിലെ ചുരുക്കെഴുത്ത് (ഡി) മൊബൈൽ ഫോൺ ഉത്തരം: സി

34 പാപത്തറ ആരുടെ കഥാസമാഹാരം?
(എ) മാധവിക്കുട്ടി (ബി) സാറാജോസഫ്
(സി)സാറാതോമസ് (ഡി) ഗ്രേസി ഉത്തരം: ബി

35 മുറംപോലെ നഖമുള്ളവൾ ആര്?
(എ) അയോമുഖി (ബി) മണ്ഡോദരി
(സി) ശൂർപ്പണഖ (ഡി) ത്രിജട ഉത്തരം: സി

36 ഇലങ്ക മുടിഞ്ഞു- ചൂരിയൻ കെട്ടു - എന്ന് ശൂർപ്പണഖയോടു പറഞ്ഞതാര്?
(എ) ഖരൻ (ബി) മണ്ഡോദരി
(സി) വിഭീഷണൻ (ഡി) അയോമുഖി ഉത്തരം: ഡി

37 ശൂർപ്പണഖയുടെ മൂക്കും മുലയും മുറിച്ചതാര്?
(എ) ശ്രീരാമൻ (ബി) ഹനുമാൻ
(സി) സുഗ്രീവൻ (ഡി)ലക്ഷ്മണൻ ഉത്തരം: ഡി

38 ശൂർപ്പണഖ ആക്രമിക്കപ്പെട്ടത് എവിടെവെച്ച്?
(എ) കിഷ്കിന്ധ (ബി) അയോദ്ധ്യ
(സി) പഞ്ചവടി (ഡി) ലങ്ക ഉത്തരം: സി

39 തായ്കുലം എന്ന വാക്കിന്റെ അർത്ഥം?
(എ) ഗോത്രം (ബി) ഭരണകൂടം
(സി) അമ്മവംശം (ഡി) രാക്ഷസവംശം ഉത്തരം: സി

40 മാറ്റാത്തി ആരുടെ നോവലാണ്?
(എ) മാധവിക്കുട്ടി (ബി) ചന്ദ്രമതി
(സി) ലളിതാംബിക അന്തർജ്ജനം (ഡി) സാറാ ജോസഫ് ഉത്തരം: ഡി

41 രാവണന്റെ വാളിന്റെ പേരെന്ത്?
(എ) ഗാണ്ഡീവം (ബി) ചന്ദ്രഹാസം
(സി) പാഞ്ചജന്യം (ഡി) ത്രയംബകം ഉത്തരം: ബി

42 ചൂളൈമേട്ടിലെ ശവങ്ങൾ ആരുടെ കഥാസമാഹാരമാണ്?
(എ) സുഭാഷ് ചന്ദ്രോത്ത് (ബി) വി. ആർ. സുധീഷ്
(സി) അക്ബർ കക്കട്ടിൽ (ഡി) എൻ. എസ്. മാധവൻ ഉത്തരം: ഡി

43 ഇന്ദിരാഗാന്ധി വധിക്കപ്പെട്ടത് എന്ന്?
(എ) 1991 മെയ് 19 (ബി) 1984 ഒക്ടോബർ 31
(സി) 1984 നവംബർ 30 (ഡി) 1984 ജൂൺ 15 ഉത്തരം: ബി

44 ഇന്ദിരാഗാന്ധിയുടെ വധത്തെത്തുടർന്നുായ കലാപങ്ങളിൽ കൊല്ലപ്പെട്ടവരുടെ ഭാര്യമാർക്ക് പിൽക്കാലത്ത് കിട്ടിയ വിശേഷണം?
(എ) ഒക്ടോബർ വിധവകൾ (ബി) നവംബർ വിധവകൾ
(സി) സിക്ക് വിധവകൾ (ഡി) പഞ്ചാബ് വിധവകൾ ഉത്തരം: ബി

45 മരുഭൂമികൾ ഉാകുന്നത് ആരുടെ നോവൽ?
(എ) എം. മുകുന്ദൻ (ബി) ഒ. വി. വിജയൻ
(സി) ആനന്ദ് (ഡി) കാക്കനാടൻ ഉത്തരം: സി

46 വന്മരങ്ങൾ വീഴുമ്പോൾ എന്ന പ്രസ്താവനയ്ക്ക് ആസ്പദമായ സംഭവം ഏത്?
(എ) ഗാന്ധിജിയുടെ മരണം (ബി) ഇന്ദിരാഗാന്ധിയുടെ മരണം
(സി) ഇന്ത്യ സ്വതന്ത്രയായത് (ഡി) ജപ്പാന്റെ പരാജയം ഉത്തരം: ബി

47 ഹർമന്ദിർ സാഹിബ് എന്നറിയപ്പെടുന്ന സ്ഥലം
(എ) ഭോപ്പാൽ (ബി) ചാന്ദിനിചൗക്ക്
(സി) സുവർണ്ണക്ഷേത്രം (ഡി) ഡൽഹി ഉത്തരം: സി

48 ഇതാ ഇവിടെ വരെ എന്ന ചലച്ചിത്രത്തിന്റെ തിരക്കഥാ രചയിതാവ് ആരാണ്?
(എ) എം. ടി. വാസുദേവൻ നായർ (ബി) പി. പത്മരാജൻ
(സി) ടി. ദാമോദരൻ (ഡി) ബാലചന്ദ്രമേനോൻ ഉത്തരം: ബി

49 സക്കറിയായുടെ ആദ്യകാലകഥകളുടെ പൊതുസ്വഭാവമെന്ത്?
(എ) നർമ്മബോധം (ബി) ആക്ഷേപഹാസ്യം
(സി) സാഡിസം (ഡി) മസോക്കിസം ഉത്തരം: ബി

50 ഇതാ ഇവിടെ വരെ എന്ന സിനിമയിൽ ക്രൂരനായ താറാവു കച്ചവടക്കാരനായി അഭിനയിച്ച നടനാര്?
(എ) പ്രേം നസീർ (ബി) മധു (സി) ജയൻ (ഡി) ഉമ്മർ ഉത്തരം: ബി

51 ഇതാ ഇവിടെ വരെയുടെ പരസ്യവി പുറപ്പെടുന്നു എന്ന കഥയിലെ ചെമ്മൺ പാത എന്തിനെ സൂചിപ്പിക്കുന്നു?
(എ) പഴയകാലം (ബി) നാട്ടിൻപുറജീവിതം
(സി) മനുഷ്യന്റെ പഴമയോടുള്ള ആഗ്രഹം (ഡി) കാളവി ഉത്തരം: ബി

52 അവളുടെ രാവുകൾ എന്ന സിനിമ സംവിധാനം ചെയ്തതാര്?
(എ) ഭരതൻ (ബി) ഐ. വി. ശശി
(സി) കെ. ശശികുമാർ (ഡി) ലോഹിതദാസ് ഉത്തരം: ബി

53 യവനിക സംവിധാനം ചെയ്തയാൾ?
(എ) ടി. വി. ചന്ദ്രൻ (ബി) അരവിന്ദൻ
(സി) കെ.ജി. ജോർജ്ജ് (ഡി) അടൂർ ഗോപാലകൃഷ്ണൻ ഉത്തരം: സി

54 അടൂർ ഗോപാലകൃഷ്ണന്റെ വിധേയൻ എന്ന സിനിമയുടെ കഥ രചിച്ചതാര്?
(എ) എം മുകുന്ദൻ (ബി) പുനത്തിൽ കുഞ്ഞബ്ദുള്ള
(സി) സക്കറിയ (ഡി) എം. ടി. വാസുദേവൻ നായർ ഉത്തരം: സി

55 ഭാസ്ക്കരപട്ടേലരും എന്റെ ജീവിതവും ഏതു പേരിലാണ് അടൂർ ചലച്ചിത്രമാക്കിയത്?
(എ) മൃഗയ (ബി) നായാട്ട് (സി) വിധേയൻ (ഡി) അടിമകൾ, ഉടമകൾ ഉത്തരം: സി

56 പുലിജന്മം എന്ന നാടകത്തിന്റെ രചയിതാവ് ആര്?
(എ) സക്കറിയ (ബി) പി. പത്മരാജൻ (സി) എൻ പ്രഭാകരൻ (ഡി) സേതു ഉത്തരം: സി

57 അപ്പമാഷിന്റെ വീട്ടിൽ അഞ്ചുപേർ എത്തിയത് എന്തിനായിരുന്നു?
(എ) മാഷിനെ സന്ദർശിക്കാൻ (ബി) ജപ്തി ചെയ്യാൻ
(സി) കൃഷിയെക്കുറിച്ചു സംസാരിക്കാൻ (ഡി) പണം കടംവാങ്ങാൻ ഉത്തരം: ബി

58 അപ്പമാഷിനുള്ള ദു:ശ്ശീലം എന്തായിരുന്നു?
(എ) റബർ കൃഷി (ബി) പണം കടം വാങ്ങൽ
(സി) നെൽകൃഷി (ഡി) സിഗററ്റ് വലി ഉത്തരം: സി

59 ഇളക്കി മാറ്റാൻ പറ്റാത്ത പത്തായം എന്തിന്റെ പ്രതീകമാണ്?
(എ) നിറച്ച് നെല്ല് കിടക്കുന്നതിന്റെ (ബി) ഉറച്ചുപോയ പാരമ്പര്യത്തിന്റെ
(സി) സാമൂഹിക മാറ്റത്തിന്റെ (ഡി) വർത്തമാനകാല ജീവിതത്തിന്റെ ഉത്തരം: ബി

60 സ്ഥാവരം എന്ന വാക്കിന്റെ അർത്ഥം എന്ത്?
(എ) പഴയത് (ബി) മാറ്റത്തിനു വിധേയമായത്
(സി) നിറഞ്ഞത് (ഡി) ഇളക്കി മാറ്റാൻ പറ്റാത്തത് ഉത്തരം: ഡി

61 അപ്പമാഷ് സഹകരണ ബാങ്കിൽ നിന്ന് വായ്പയെടുത്തത് എന്തിനുവേയാണ്?
(എ) മകളുടെ കല്യാണാവശ്യത്തിന് (ബി) ചികിത്സയ്ക്ക്
(സി) കടം കൊടുക്കാൻ (ഡി) നെൽകൃഷി ചെയ്യാൻ ഉത്തരം: ഡി

62 താഴെപ്പറയുന്നവയിൽ സുസ്മേഷ് ചന്ത്രോത്തിന്റെ കഥ ഏതാണ്?
(എ) സ്ഥാവരം (ബി) വാനപ്രസ്ഥം (സി) ഭൂതമൊഴി (ഡി) ഗുസ്തി ഉത്തരം: സി

63 ഋതുക്കൾ നോക്കാതെ കുഞ്ഞപ്പൻ നടത്തിയിരുന്ന കച്ചവടം എന്തായിരുന്നു?
(എ) കപ്പക്കച്ചവടം (ബി) പന്നിമാംസക്കച്ചവടം
(സി) അടയ്ക്കാക്കച്ചവടം (ഡി) റബ്ബർക്കച്ചവടം ഉത്തരം: ബി

64 തലയെടുത്തു പിടിച്ചു നിൽക്കുന്ന അവർക്കിടയിലൂടെ വിരാജിക്കുന്ന പാപ്പച്ചനായിരുന്നു, സേനാനായകൻ - തലയെടുത്തു പിടിച്ചു നിൽക്കുന്നവർ ആര്?
(എ) പട്ടാളക്കാർ (ബി) കർഷകർ
(സി) തെങ്ങും കമുകും (ഡി) റബ്ബർ മരങ്ങൾ ഉത്തരം: സി

65 ഏകാന്തതയുടെ നൂറുവർഷങ്ങൾ എഴുതിയതാര്?
(എ) പൗലോ കൊയ്‌ലോ (ബി) മാർക്ക്ട്വയിൻ
(സി) മാക്സിം ഗോർക്കി (ഡി) ഗബ്രിയേൽ ഗർസ്യ മർക്കേസ് ഉത്തരം: ഡി

66 ഏകാന്തതയുടെ നൂറു വർഷങ്ങൾ എന്ന നോവലിലെ ആഖ്യാന രീതിയുടെ പേരെന്ത്?
(എ) പോസ്റ്റ് മോഡേണിസം (ബി) മാജിക്കൽ റിയലിസം
(സി) റിയലിസം (ഡി) റൊമാന്റിസിസം ഉത്തരം: ബി

67 ഭൂതമൊഴിയിലെ മുഖ്യഭാവമെന്ത്?
(എ) കാത്തിരിപ്പ് (ബി) ഗൃഹാതുരത്വം (സി) വേർപാട് (ഡി) നഷ്ടബോധം ഉത്തരം: ബി

68 കാടുകയറുന്ന പൂർവ്വീകർ എന്ന കഥയിലെ ദേവകിച്ചേച്ചി സ്വീകരിച്ച പുതിയ മാർഗ്ഗമേത്?
(എ) കൃഷി (ബി) കച്ചവടം (സി) ഭക്തിമാർഗ്ഗം (ഡി) ജ്യോതിഷം
ഉത്തരം:സി

69 തായ്കുലം എന്ന കഥയിൽ പരാദൃഷ്ടയാകുന്ന ശൂർപ്പണഖ പൊട്ടിച്ചിരിച്ചതെപ്പോൾ?
(എ) ലക്ഷ്മണൻ പ്രേമം നിരസിച്ചപ്പോൾ
(ബി) രാവണൻ വധിക്കപ്പെട്ടു എന്നു കേട്ടപ്പോൾ
(സി) വിഭീഷണൻ ശത്രു പക്ഷത്ത് ചേർന്നപ്പോൾ
(ഡി) സീതയുടെ അഗ്നിപ്രവേശ വാർത്ത കേട്ടപ്പോൾ ഉത്തരം: ഡി

70 വന്മരങ്ങൾ വീഴുമ്പോൾ എന്ന കഥയിലെ വന്മരം ആരെ സൂചിപ്പിക്കുന്നു?
(എ) ഇന്ദിരാഗാന്ധി (ബി) രാജീവ്ഗാന്ധി
(സി) ജവഹർലാൽ നെഹ്റു (ഡി) മഹാത്മാഗാന്ധി ഉത്തരം: എ

71 ഒ. വി. വിജയന്റെ ആദ്യ നോവലേത്?
(എ) ധർമ്മപുരാണം (ബി) മധുരം ഗായതി
(സി) ഖസാക്കിന്റെ ഇതിഹാസം (ഡി) ഗുരുസാഗരം ഉത്തരം:
സി

72 അടിയന്തരാവസ്ഥയുടെ പശ്ചാത്തലത്തിൽ ഒ.വി. വിജയൻ എഴുതിയ നോവലേത്?
(എ) മധുരം ഗായതി (ബി) പ്രവാചകന്റെ വഴി
(സി) ധർമ്മപുരാണം (ഡി) ഖസാക്കിന്റെ ഇതിഹാസം ഉത്തരം: സി

73 1991-ലെ വയലാർ അവാർഡ് നേടിയ ഒ.വി. വിജയന്റെ കൃതിയേത്?
(എ) ഗുരുസാഗരം (ബി) ഖസാക്കിന്റെ ഇതിഹാസം
(സി) തലമുറകൾ (ഡി) പ്രവാചകന്റെ വഴി ഉത്തരം: എ

74 ഗുരുസാഗരം സമർപ്പിച്ചിരിക്കുന്നതാർക്ക്?
(എ) യാൻ മസാരിക്കിന്
(ബി) പോത്തൻകോട്ടെ ശാന്തിഗിരി ആശ്രമത്തിലെ കരുണാകരഗുരുവിന്
(സി) ദില്ലിയിലെ പത്രപ്രവർത്തകർക്ക്
(ഡി) ശ്രീരാമകൃഷ്ണ പരമഹംസന് ഉത്തരം: ബി

75 പഥേർ പാഞ്ചാലിയുടെ കർത്താവാര്?

(എ) ബങ്കിം ചന്ദ്രചാറ്റർജി (ബി) താരാശങ്കർ ബാനർജി
(സി) വിഭൂതിഭൂഷൺ ബന്ദോപാദ്ധ്യായ (ഡി) രവീന്ദ്രനാഥ ടാഗോർ ഉത്തരം: സി

76 ഗുരുസാഗരത്തിലെ കേന്ദ്രകഥാപാത്രമേത്?
(എ) കല്യാണി (ബി) ശിവാനി (സി) കുഞ്ഞുണ്ണി (ഡി) ലളിത ഉത്തരം: സി

77 ചെക്കോസ്ലോവാക്യയുടെ ദേശീയ നേതാവിന്റെ പേര്?
(എ) ദിമിത്രോവ് (ബി) യാൻ മസാരിക്
(സി) ദൂബ്ചെക്ക് (ഡി) മാവോസേതുങ്ങ് ഉത്തരം: ബി

78 ഗദാധരൻ ആരുടെ ആദ്യത്തെ പേരായിരുന്നു?
(എ) ശ്രീരാമകൃഷ്ണ പരമഹംസൻ (ബി) ശങ്കരാചാര്യർ
(സി) വിവേകാനന്ദൻ (ഡി) നാരായണഗുരു ഉത്തരം : എ

79 ഗംഗ ഹിന്ദുവിന്റെയും മുസൽമാന്റെയും പുഴയാണു സാബ് എന്നു പറഞ്ഞതാര്?
(എ) കുഞ്ഞുണ്ണി (ബി) അള്ളാബക്സ്
(സി) പിനാകി (ഡി) റസൂൽബക്സ് ഉത്തരം: ബി

80 കുഞ്ഞുണ്ണിയുടെ തറവാട്ടുപേര്?
(എ) വടക്കേപ്പാട്ട് (ബി) മേലേക്കാട്ട്
(സി) തെക്കേപ്പാട്ട് (ഡി) കിഴക്കുമ്പാട് ഉത്തരം: ബി

81 കുഞ്ഞുണ്ണിയുടെ പരിചാരകൻ ആര്?
(എ) ബേലിറാം (ബി) നിഹാലു
(സി) ശ്യാംനന്ദൻ സിംഗ് (ഡി) നിർമ്മലാനന്ദൻ ഉത്തരം: സി

82 റെജിമെന്റിന്റെ പരദേവതയാര്?
(എ) ശിവൻ (ബി) വിഷ്ണു (സി) ഭദ്രകാളി (ഡി) ജ്വാലാമുഖി ഉത്തരം:ഡി

83 നിർമ്മലാനന്ദന്റെ പൂർവ്വാശ്രമത്തിലെ പേര്?
(എ) മേജർ സഹസ്രബുദ്ധേ (ബി) താപസചന്ദ്രൻ
(സി) മേജർ ബാലകൃഷ്ണൻ (ഡി) ശ്രീപതി റായി ഉത്തരം: സി

84 നിർമ്മലാനന്ദന്റെ ആശ്രമത്തിന്റെ പേര്?
(എ) പുരാണകിലാ (ബി) മുക്തിധാം (സി) മധുര (ഡി) റാണാഘട്ട് ഉത്തരം: ബി

85 നചികേതസ്സിന്റെ സന്ദേഹങ്ങളെ ശമിപ്പിച്ചതാര്?
(എ) ദുർഗ്ഗ (ബി) മൃത്യു (സി) ഉപമന്യ (ഡി) ശ്രീകൃഷ്ണൻ ഉത്തരം: ബി

86 നിർമ്മലാനന്ദന് ദീക്ഷ നൽകിയതാര്?
(എ) ശ്രീപതിറായ് (ബി) ഉത്തംസിംഗ്
(സി) തദ്രൂപാനന്ദൻ (ഡി) ബേലിറാം ഉത്തരം: സി

87 കൽക്കത്തയിൽ കുഞ്ഞുണ്ണി താമസിച്ച ഹോട്ടലിന്റെ പേരെന്ത്?
(എ) അരത്തൂൺസ് (ബി) ഗ്രാൻഡ് (സി) റസിഡൻസി (ഡി) താജ് ഉത്തരം: എ

88 ഗുരുസാഗരത്തിന്റെ പശ്ചാത്തലത്തിൽ കടന്നുവരുന്ന യുദ്ധമേത്?

(എ) രാംലോകയുദ്ധം (ബി) ഇന്ത്യാ-ചൈനാ യുദ്ധം
(സി) 1971-ലെ ബംഗ്ലാദേശ് യുദ്ധം (ഡി) മുഗൾയുദ്ധം ഉത്തരം: സി

89 കൽക്കത്തയിൽ കുഞ്ഞുണ്ണി എന്തിനാണ് പോയത്?
(എ) കല്യാണിയെ കാണാൻ (ബി) ശിവാനിയുമായി സംസാരിക്കാൻ
(സി) യുദ്ധം റിപ്പോർട്ടു ചെയ്യാൻ (ഡി) സുഹൃത്തുക്കളെ കാണാൻ ഉത്തരം: സി

90 താപസചന്ദ്രൻ ചെയ്ത കുറ്റമെന്ത്?
(എ) മോഷണശ്രമം (ബി) നിമായിസാന്യാലിനെ കൊലപ്പെടുത്തി
(സി) വർഗ്ഗശത്രുവിനെ ഒറ്റിക്കൊടുത്തു (ഡി) കളപ്പുരയ്ക്ക് തീവെച്ചു ഉത്തരം: ബി

91 റായ്ചരൺ എന്ന കർഷകത്തൊഴിലാളിയ്ക്ക് സംഭവിച്ച മാനസിക പരിവർത്തനത്തെ സൂചിപ്പിക്കാൻ അവതരിപ്പിച്ചിട്ടുള്ള കഥയേത്?
(എ) നചികേതസ്സിന്റെ കഥ (ബി) പരീക്ഷിത്തിന്റെ കഥ
(സി) ഉപമന്യുവിന്റെ കഥ (ഡി) വ്യാസന്റെയും ശുകന്റെയും കഥ ഉത്തരം: സി

92 ശ്രീരാമകൃഷ്ണപരമഹംസന്റെ ജന്മസ്ഥലമേത്?
(എ) റാണാഘട്ട് (ബി) കുമർപുക്കൂർ (സി) മഥുര (ഡി) ചാന്ദ്നി ചൗക്ക് ഉത്തരം: ബി

93 ശിവാനിയിൽ നിന്ന് മുമ്പൊരിക്കലും കേട്ടിട്ടില്ലാത്തതും ഇനിയൊരിക്കലും കേൾക്കാനിടയില്ലാത്തതുമായ ഒരു പ്രചണ്ഡസ്വരം കുഞ്ഞുണ്ണി കേട്ടു എന്താണത്?
(എ) കല്യാണിക്ക് ബ്ലഡ്ക്യാൻസറാണെന്നത്
(ബി) കല്യാണി കുഞ്ഞുണ്ണിയുടെ മകളല്ല, പിനാകി സെൻഗുപ്തയുടെ മകളാണെന്നത്
(സി) താൻ പിനാകിയെ വിവാഹം കഴിക്കാൻ പോകുന്നുവെന്ന്
(ഡി) താൻ കൽക്കത്തയ്ക്ക് തിരിച്ചു പോകുന്നുവെന്ന് ഉത്തരം: ബി

94 എല്ലാം കഴിഞ്ഞപ്പോൾ കുഞ്ഞുണ്ണി ഒരു പുസ്തകം മാത്രം സൂക്ഷിച്ചു എതാണാ പുസ്തകം?
(എ) ഭവഗത്ഗീത (ബി) മഹാഭാരതം (സി) ഭാഗവതം (ഡി) രാമായണം ഉത്തരം: സി

95 നിരന്തരമായ അന്വേഷണങ്ങൾക്കൊടുവിൽ കുഞ്ഞുണ്ണി കത്തെിയ ഗുരു ആരാണ്?
(എ) നിർമ്മലാനന്ദൻ (ബി) സിപാഹിബേലിറാം
(സി) കല്യാണി (ഡി) അച്ഛൻ ഉത്തരം: സി

96 കുഞ്ഞുണ്ണി സാന്ത്വനമായി നോവലിൽ പലപ്പോഴും പരാമർശിക്കുന്ന പുഴയേത്?
(എ) ഭവാനി (ബി) കബനി (സി) തൂതപ്പുഴ (ഡി) ഭാരതപ്പുഴ ഉത്തരം: സി

97 കുഞ്ഞുണ്ണി ആരാണ്?
(എ) സയന്റിസ്റ്റ് (ബി) പത്രപ്രവർത്തകൻ (സി) പട്ടാളക്കാരൻ (ഡി) നോവലിസ്റ്റ്
ഉത്തരം: ബി

98 സ്ത്രീ സമ്പർക്കമില്ലാതെ അച്ഛൻ വളർത്തിയ പുരാണപ്രസിദ്ധനായ ഋഷികുമാരനാര്?
(എ) ഋശ്യശൃംഗൻ (ബി) ഉപമന്യു (സി) വിഭാണ്ഡകൻ (ഡി) നചികേതസ്സ്
ഉത്തരം: എ

99 അന്ധനായ ധൃതരാഷ്ട്രർക്ക് യുദ്ധം വിശദീകരിച്ചുകൊടുത്ത വ്യക്തി?

(എ) വിദുരർ (ബി) കൃപാചാര്യൻ (സി) സഞ്ജയൻ (ഡി) വേദവ്യാസൻ ഉത്തരം: സി

100 കുഞ്ഞുണ്ണിയുടെ പത്രാധിപരുടെ പാചകക്കാരനും കാര്യസ്ഥനും എല്ലാമായ വ്യക്തിയാര്?
(എ) ശ്യാം നന്ദൻ സിംഗ് (ബി) കരംബഹദൂർ (സി) റായ്ചരൺ (ഡി) അള്ളാബക്സ്
ഉത്തരം: ബി